VII ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-2001 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ.

VIII നിയമസഭാ സമ്മേളനത്തിൽ ഹാജരാകാതിരിക്കാൻ അനുവാദം

മി. സ്പീക്കർ : ശ്രീ. ചെർക്കളം അബ്ദുള്ള, നിയമസഭയുടെ നടപടിക്രമവും കാര്യ-നിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 170-(1) അനുസരിച്ച് അസംബ്ലിയുടെ ഈ സമ്മേളനക്കാലത്ത് യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയുടെ പ്രസക്തഭാഗം ഇപ്രകാരമാണ്. ഞാൻ ഉമ്റ നിർവഹിക്കുന്നതിനായി മെക്കയിലേക്ക് പോകുന്നതിനാൽ ഡിസംബർ 18-ന് ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിൽ സംബന്ധിക്കാൻ എനിക്ക് സാധിക്കുകയില്ലെന്ന് ഇതിനാൽ അറിയിക്കുന്നു. എനിക്ക് ലീവ് അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു. ശ്രീ.ചെർക്കളം അബ്ദുള്ളയ്ക്ക് ഈ സമ്മേളനക്കാലത്ത് സഭയിൽ ഹാജരാകാതിരിക്കാനുള്ള അനുവാദം സഭയുടെ അനുമതിയോടുകൂടി നൽകുന്നു. ഓർഡർ, ഓർഡർ.

IX നിയമനിർമ്മാണകാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സ്പോർട്സ് ബിൽ (പരിഗണന തുടർച്ച) †

മി.സ്പീക്കർ : പ്രധാനപ്പെട്ട ഭാഗത്തേയ്ക്ക് വരുന്നു. സെലക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സ്പോർട്സ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം 18-12-2000-ത്തിൽ സഭ അംഗീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബിൽ പരിഗണനയ്ക്കെടുക്കുന്നു. ഇനി വകുപ്പ് തിരിച്ചുള്ള പരിഗണനയാണ്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഒരു സജക്ഷൻ ഉള്ളത് ചർച്ച ഇപ്പോൾ നീട്ടികൊണ്ടു പോകാൻ സാധിക്കുകയില്ല ; സമയമില്ല.

മി. സ്പീക്കർ : ചർച്ചയല്ല, വകുപ്പ് തിരിച്ചുള്ള പരിഗണന.

---

†അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly